വെബ് സൈറ്റ് : www.keralapsc.gov.in
ഇ-മെയിൽ : domlp.psc@kerala.gov.in

ഫോൺ : 0483 2734308

# കേരള പബ്ലിക് സർവീസ് കമ്മീഷൻ
## ജില്ലാ ഓഫീസ് , മലപ്പുറം

നമ്പർ : MVW1/1/2019-KPSC-DOMLPM (2)

43748/24/DGE

മലപ്പുറം
11/07/2024.

ജില്ലാ ഓഫീസർ
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
ജില്ലാ ഓഫീസ്, മലപ്പുറം

പൊതുവിദ്യാഭ്യാസ ഡയറക്ടർ
പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
ഹയർ സെക്കന്ററി വിഭാഗം
ഹൌസിംഗ് ബോർഡ് ബിൽഡിംഗ്സ്
തിരുവനന്തപുരം

സർ,

വിഷയം:- കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, ജില്ലാ ആഫീസ്, മലപ്പുറം - ഉദ്യോഗസ്ഥരുടെ സർവ്വീസ് വെരിഫിക്കേഷൻ തീയ്യതി അറിയിക്കുന്നത് - സംബന്ധിച്ച്.

സൂചന:- താങ്കളുടെ 21/03/2024 തീയ്യതിയിലെ HSE/4129/2024-AD D4 നമ്പർ കത്ത്.

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് താങ്കളെ താഴെപറയും പ്രകാരം അറിയിക്കുന്നു.

സർവ്വീസ് വെരിഫിക്കേഷൻ നടത്തുന്നതിനായി സൂചന പ്രകാരം അറിയിച്ചിരുന്ന ഉദ്യോഗസ്ഥരുടെ വെരിഫിക്കേഷൻ കെ.പി.എസ്.സി മലപ്പുറം ജില്ലാ ഓഫീസിൽ വച്ച് താഴെ പറയുന്ന തീയ്യതിയിൽ നടത്താൻ നിശ്ചയിച്ചിരിക്കുന്നു. വെരിഫിക്കേഷൻ സംബന്ധമായ വിശദമായ പട്ടിക ഇതോടൊപ്പം ചേർത്തിട്ടുണ്ട്. ടി ഉദ്യോഗസ്ഥരോട് നിശ്ചിത തീയ്യതിയിലും സമയത്തും ഈ ഓഫീസിൽ കോവിഡ് 19 രോഗവ്യാപനം തടയുന്നതിന് ആരോഗ്യ വകുപ്പ് നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നേരിൽ ഹാജരാകാൻ ആവശ്യമായ നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. വെരിഫിക്കേഷൻ സമയത്ത് നിയമന ശിപാർശാ കത്തിലെ മേൽ വിലാസം, ജനന തീയതി എന്നിവ തെളിയിക്കുന്നതിനായി എസ്.എസ്.എൽ.സി (ഒറിജിനൽ) ബുക്ക് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള തിരിച്ചറിയൽ രേഖകളിൽ ഏതെങ്കിലും ഒന്നും, കൂടാതെ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ/വകുപ്പിൽ നിന്നും തിരിച്ചറിയൽ കാർഡ് നൽകിയിട്ടുള്ള പക്ഷം ആയതും കൂടി നിർബന്ധമായും ഹാജരാക്കേണ്ടതാണ്. നിയമന ശിപാർശാ കത്തിലെ മേൽ വിലാസവും തിരിച്ചറിയൽ രേഖയിലെ മേൽവിലാസവും സേവന പുസ്തകത്തിലെ മേൽവിലാസവും വ്യത്യസ്തമാണെങ്കിൽ ടി മേൽവിലാസങ്ങളിലെ വ്യക്തി ഒരാൾ തന്നെയാണെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം (ഗസറ്റഡ് ഉദ്യോഗസ്ഥൻ നൽകിയത്) ഹാജരാക്കേണ്ടതാണ് . **നിയമന പരിശോധനയ്ക്ക് ഹാജരാകുന്ന ഉദ്യോഗസ്ഥർ വെരിഫിക്കേഷൻ ഫോറം പൂരിപ്പിക്കേണ്ടതിനാൽ നിയമന ശിപാർശാ കത്ത്, നിയമന ഉത്തരവ് എന്നിവയുടെ നമ്പരും**

തീയതിയും അവരവരുടെ റാങ്ക് ലിസ്റ്റിന്റെ നമ്പർ, റാങ്ക് നമ്പർ, രജിസ്റ്റർ നമ്പർ/ഇന്റർവ്യൂ ക്രമ നമ്പർ, നിയമനം ലഭിച്ച ഊഴം, ശമ്പള സ്കെയിൽ, ജോലിയിൽ പ്രവേശിച്ച തീയതി ഓഫീസിന്റെ പേര്, നിയമനാധികാരിയുടെ പേര്, ഉദ്യോഗപ്പേര് എന്നിവ വ്യക്തമായി അറിഞ്ഞിരിക്കേണ്ടതാണ്.

നിയമന പരിശോധനയ്ക്ക് ഹാജരാകുന്ന ഉദ്യോഗസ്ഥർക്ക് ഹോളോഗ്രാം പതിച്ച സർവ്വീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിന് 210/- (ഇരുന്നൂറ്റിപ്പത്ത്) രൂപ ഈടാക്കുന്നതിന് 08/07/2019 തീയ്യതിയിലെ G.O (Ms) No. 133/2019/GAD പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത തുക 0051-PSC-800-State PSC-99-Other Receipts എന്ന ശീർഷകത്തിൽ ട്രഷറിയിൽ അടച്ച് അസ്സൽ ചെലാൻ വെരിഫിക്കേഷൻ സമയത്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഹാജരാക്കേണ്ടതാണ്.

NB:- നിയമന പരിശോധനയ്ക്കായി ജീവനക്കാരുടെ പ്രമാണങ്ങൾ അയച്ചുതരുന്നത് കർശനമായും നിയമന ശിപാർശ ക്രമത്തിലാകണമെന്നും ആകയാൽ ക്രമം തെറ്റിച്ച് നിയമന പരിശോധന നടത്തുന്നത് മൂലം ഉണ്ടാകുന്ന അനന്തര പ്രശ്നങ്ങളുടെ (സീനിയോറിറ്റി തർക്കം, കോടതി വ്യവഹാരം മുതലായവ) പൂർണ്ണ ഉത്തരവാദിത്തം ബന്ധപ്പെട്ട വകുപ്പിൽ നിക്ഷിപ്തമായിരിക്കും എന്ന വിവരം അറിയിക്കുന്നു.

**19/07/2024 ±10.00 AM**

**ഉദ്യോഗസ്ഥരുടെ വിവരങ്ങൾ**

| Sl. No | Name | Post | Date of Advice |
|---|---|---|---|
| 1 | Sri. Renjith R | Laboratory Assistant | 29/07/2017 |

വിശ്വസ്തതയോടെ

AdD4/43784/24/DDE 18/7/24

Sd/-
ജില്ലാ ഓഫീസർ
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
ജില്ലാ ഓഫീസ്, മലപ്പുറം

The Laboratory Assistant included in the list is directed to attend the verification in the given date and time before kpsc

Administrative Assistant